സൗഹൃദം
സമത്വം
സമന്വയം

കേരളം സൗഹൃദത്തിന്റെയും സമത്വ സങ്കൽപ്പത്തിന്റെയും
സമന്വയ സ്വപ്നങ്ങളുടെയും നാട്

₹ 15

# ചന്ദ്രിക

6 ഫെബ്രുവരി 2016

ആഴ്ചപ്പതിപ്പ്

പോൾ കല്ലാനോടിന്റെ പംക്തി ആരംഭിക്കുന്നു ഇന്റർ പോൾ

## കേരള ചരിത്രത്തിന്റെ സെക്കുലർ മാതൃക

എം.ജി.എസ് നാരായണൻ

## യഥാർത്ഥ വിശ്വാസിക്ക് തീവ്രവാദിയാകാൻ കഴിയില്ല

പാണക്കാട് സയ്യിദ് ഹൈദരലി ശിഹാബ് തങ്ങൾ

## അസഹിഷ്ണുതയെ കരുതിയിരിക്കുക

അപ്പുക്കുട്ടൻ വള്ളിക്കുന്ന്





ശിവദാസൻ.എ.കെ | കഥ

# താന്തോന്നിപ്പാറ

താന്തോന്നിപ്പാറയിലെ വിരിഞ്ഞ കല്ലിൽ മുകളിലേക്ക് നോക്കി സുനിലൻ മലർന്നു കിടന്നു.

പതിനേഴ് വർഷം മുമ്പ് സഖാവ് നാരായണേട്ടനെ കൊല്ലാനുള്ള ഗൂഢാലോചന നടന്നത് ഇവിടെ വെച്ചാണ്.

ഇരുട്ടിൽ ഗാമൺ കമ്പനിയുടെ പുക തുപ്പാത്ത കുഴലുകൾ നീണ്ട മൂക്കുപോലെ ആകാശത്തേക്ക് നോക്കി നിൽക്കുന്നു.

ശശിയാണ് അന്ന് ആ ആലോചന കൊണ്ടു വന്നത്.

"മ്മടെ നാട്ടുകാരനല്ലേടാ. മ്മക്ക് ദോഷൊന്നും ചെയ്തിട്ടില്ല. നാട്ടാർക്ക് കുറേ പേർക്ക് മൂപ്പരെ വല്യ കാര്യാണ്. ഈ പണി ഏറ്റെടുക്കണോ?'

അന്ന് ഗാമൺ കമ്പനിയുടെ മൂക്കിലൂടെ കറുകറുത്ത പുക കുമിഞ്ഞു പരന്നു തുടങ്ങിയിരുന്നു. അതിന്റെ പള്ളയിലെ നിരവധി ഉരുക്കലും , തിളയ്ക്കലും കഴിഞ്ഞ് ബാക്കിയായ മഞ്ഞ വെള്ളം വലിയ സിമന്റ് കുഴലുകളിലൂടെ ഒഴുകി വന്ന് പുഴയെ ഒട്ടാകെചായം മുക്കുന്നു.

ഒന്ന് മുങ്ങിനിവരുമ്പോൾ കുളിര് കോരിത്തന്ന കണ്ണീർവെള്ളം ദേഹത്തേക്ക് തെറിച്ചു വീണാൽ നായ്ക്കുരണപ്പൊടിയുടെ ചൊറിച്ചിലുമായി പേടിപ്പിക്കുവാൻ തുടങ്ങിയ കാലത്ത് ചത്തു വീണ കുറേ മീനുകളെ സാക്ഷിയാക്കി പുഴസംരക്ഷണ സമിതിയുണ്ടായി.

നയിച്ചത് നാരായണേട്ടനായിരുന്നു. കമ്പനി മലിനീകരണമുണ്ടാക്കുന്നു എന്നാരോപിച്ച് കമ്പനിയിലുണ്ടായിരുന്ന പണി രാജി വെച്ച് ഇറങ്ങി വന്ന സഖാവ് നാരായണേട്ടൻ.


സുനിലന്റെ എതിർപ്പ് അവിടെ വിലപ്പോയില്ല.

"ആർക്കിഷ്ടാന്ന്. എന്നിട്ടാ പാർട്ടീന്ന് പൊറത്താക്ക്യേ. തൊഴിലാളികളുടെ പള്ളക്കടിക്കാനാണ്." ശശി സ്വരം താഴ്ത്തി പറഞ്ഞു.

"ഇക്കാര്യത്തില് രണ്ട് യൂണിയനും ഒറ്റക്കെട്ടാ."

"ഇതാരായിട്ട് കൊണ്ടന്നതാ?"

"പൊറത്ത്ന്നാ. കമ്പനിക്കാര് പൊറം





നാട്ടാരല്ലേ. ഏറ്റാ ഒരു ലക്ഷം അഡ്വാൻസ്. സംഗതി നടന്നാ മൂന്ന് ലക്ഷം രൂപ ക്യാഷായിട്ട് കയ്യീത്തരും. ഒരാറു മാസത്തേക്ക് മാറി നിക്കാൻ തമിഴ്നാട്ടിലൊരിടം. അപ്പഴേക്കും ഇവിടെ പെടപ്പൊന്നു തീരൂല്ലൊ. ”

തീരുമാനം ഉറച്ചത് പോലെ നിശ്ശബ്ദത പരന്നു. രൂപ നാല് ലക്ഷമാണ്. അത്യാവശ്യം തല്ലും വണ്ടിപിടുത്തവുമൊക്കെയായിട്ട് കഴിഞ്ഞ് കൂടുകയാണ്. കൊലപാതകമൊന്നും ചെയ്തിട്ടില്ല. എന്തായാലും ചോര കണ്ടാൽ പേടിക്കുന്നോരല്ല ആരും. സുനിലനും, ശശിയും , ജോനാച്ചനും, പിന്നെ തമ്പിയും.

“സാമീനെ അറിയിക്കണ്ടെ?”

സാമീടെ ഗ്യാങ്ങിലായിരുന്നു അന്ന് അവരെല്ലാവരും.

“സാമീനെ അറിയിക്കാതിരുന്നാൽ ചിലപ്പോ നീരസം തോന്ന്യാലോ.”

“നീരസോ, എന്തിന് ? പറക്ക മുറ്റ്യ കിള്യോള് പറന്ന് പോയീന്ന് സാമിയങ്ങ്ട് കരുതും. അതിനുള്ള വക തിരിവൊക്കെ അയാക്കൊണ്ട്. ”

ഒത്തിരി പായലുകൾ മുളച്ച് വഴുക്കിക്കിടന്ന താന്തോന്നിപ്പാറയിലേക്ക് അപ്പോളൊരു രാത്രിമഴ അസ്വസ്ഥതയോടെ ഏങ്ങലടിച്ചു വീണു. രാപ്പാറ്റകൾ തേങ്ങിക്കരയുന്നതിനിടെ ആ നാൽവർ സംഘം പതിയെപ്പതിയെ താഴേക്ക് നടന്നു. പിരിയാൻ നേരം ഉറപ്പിച്ചു.

ബുധനാഴ്ച രാത്രി എട്ടുമണിക്ക് . വായനശാലയിൽ നിന്ന് നാരായണേട്ടൻ മടങ്ങി വരുന്ന വഴി, ആളെല്ലാമൊഴിയുന്ന പുഞ്ചക്കുളത്തിനരികിൽ വെച്ച്.

പുഞ്ചക്കുളത്തിനരികില് രണ്ടാള് നിൽക്കണം. സുനിലനും, ജോനാച്ചനും . എന്തെങ്കിലും പ്രശ്നോണ്ടെങ്കില് ഒറ്റ വിസിലില് സിഗ്നല് തരണം. പാടവരമ്പത്ത് വിളഞ്ഞ നെല്ലിന്റേടേല് ശശിയും, തമ്പിയുമുണ്ട്. പിന്നെ അവര് നോക്കിക്കോളും.

സംഗതി കൃത്യായി നടന്നാ വരമ്പത്തേക്ക് തന്നെ വരണം. കുറച്ചു മാറി കവുങ്ങിന്റേടേല് ജീപ്പുണ്ട്. അതിൽ കയറി സ്ഥലം വിട്ടു കൊള്ളണം.

വായനശാലയുടെ മുകളിലെ മുറിയിലാണ് പുഴ സംരംക്ഷണസമിതി ഓഫീസ് . അവിടെയും, ഈ ഇടവഴിയിലേക്ക് തിരിയുന്ന മെയിൻ റോഡ് വരെയും നാരായണേട്ടന്റെ കൂടെ ആളുണ്ടാകും. പിന്നെയും അരക്കിലോമീറ്റർ നടക്കണം ഒറ്റക്ക്.

നിലാവ് നിറഞ്ഞു നിൽക്കുകയാണ്. മുഖം വ്യക്തമായി കാണാനാവില്ലെന്നേയുള്ളൂ.

പറഞ്ഞ സമയത്ത് തന്നെ ഇടവഴിയിൽ ഒരു രൂപം പ്രത്യക്ഷപ്പെട്ടു.

ജോനാച്ചൻ സുനിലനെ പിറകിൽ നിന്ന് തോണ്ടി. അങ്ങേര് തന്നെ. സഖാവ് നാരായണേട്ടൻ.

കയ്യിലിരുന്ന വടിവാൾ നിലാവിൽ തിളങ്ങി. നാടൻ ചാരായം ഉള്ളിൽ കിടന്ന് പൊള്ളി. കൈ വിറക്കരുത്. ആദ്യമായാണ്.

ആദ്യവെട്ട് പിഴച്ചു. വാളിൽ പിടിച്ചയാൾ ഒന്ന് ദയനീയമായി നോക്കി. അന്തിച്ചു നിൽക്കുമ്പോൾ പിന്നിൽ നിന്ന് വന്ന രണ്ടാമത്തെ കുത്ത് വാരിയെല്ല് തുളച്ച് കടക്കുന്നത് കണ്ടു. ജോനാച്ചൻ വാക്കുപാലിച്ചിരിക്കുന്നു.

അറുത്തിട്ട കോഴി പോലെ പച്ചമണ്ണിലേക്ക് വീണ് ഒന്ന് പിടച്ചു. വ്യകൃതമായ ഒരു നിലവിളി മാത്രം. കുതിച്ചോടിയവർ വരമ്പത്തേക്ക് വന്നു.

“എന്തായി?”

“ഏറ്റ്ണ്ട്.”

“കാലിയായോ?”

“ഒറപ്പില്ല. പക്ഷേ കുത്ത് രണ്ടും നെഞ്ചത്താണ്.”

“പോയി നോക്കണോ?”

കിതപ്പ് ഉയർന്നു കേൾക്കാം. തിരിഞ്ഞു നോക്കി. ഒരു ടോർച്ചു വെളിച്ചം പാറുന്നു.

“വേണ്ട. വിട്ടോ.”

കേസിൽ നിന്നാരും രക്ഷപ്പെട്ടില്ല. തമ്പിയെയാണ് ആദ്യം പൊക്കിയത്. രണ്ട് കിട്ടിയപ്പോൾ അവൻ മണി മണി പോലെ കാര്യം പറഞ്ഞു.

കേസ് നാലു വർഷം നീണ്ടു. നാട്ടിൽ സുനിലൻ വല്ലപ്പോഴുമേ വരാറുള്ളൂ. ആർക്കും മുഖം കൊടുക്കാറില്ല. ഒറ്റക്കൊലപാതകത്തോടെ ഗ്രേഡ് ഉയർന്നു പോയി. ജോനാച്ചനാണ് ലീഡർ. വണ്ടിപിടുത്തക്കാരും, റിയൽ എസ്റ്റേറ്റ്കാരും ക്യൂവാണ്.

ഒറ്റക്ക് കിട്ടിയപ്പോൾ വറതച്ചനാണ് പറഞ്ഞത്. അച്ഛന്റെ കൂട്ടുകാരനായിരുന്നു വറതച്ചൻ.

“കടുംകൈയ്യായിപ്പോയി മോനേ, നാട്ടാർക്ക് വേണ്ടി നടന്നോനല്ലേ. ഒരു പെണ്ണും പറക്ക മുറ്റാത്ത രണ്ട് കുട്ട്യോളും. ത്രയ്ക്ക് ശാപം മേടിച്ചു വയ്ക്കണാർന്നോ.”

പിന്നെപ്പോഴോ ജോനാച്ചൻ പറഞ്ഞു. “നാരായണേട്ടന്റെ കേസില് ശശിക്കൊരു പ്രത്യേക താല്പര്യം ഉണ്ടാർന്നൂ. അവന്റമ്മേം അയാളും തമ്മില് ഇഷ്ടത്തിലാർന്നൂത്രെ. അയാളതോണ്ടാ വൈകിക്കെട്ടിയേന്നും പറയണൂ. അതിപ്പ്ഴും ഇണ്ട്ന്നാണ് അവന്റച്ഛന്റെ സംശയം.”

...് തീർന്നതിന്റെ പിറ്റേന്നാണ്. നിയമം അ...ന്റെ നൂലാമാലകളിൽ നിന്നും സ്വതന്ത്രമാ...തിന്റെ ആഘോഷം കാലത്ത് തൊട്ടേ തു...യിരുന്നു. ലഹരിയിൽ നിന്നൂർന്ന് എങ്ങ...ാണോ എസ്.ഡി യുടെ പുറത്ത് കയറിയ... പുറകിൽ ശശി അള്ളിപ്പിടിച്ചിരിപ്പുണ്ട്.

...ിവ് വഴി വിട്ടപ്പോൾ ശശിക്കത്ഭുതം.

...ട്ടനിതെങ്ങ്ടാ?"

...വിടെയെവിടെയോ അല്ലേ അയാക്കടെ വീ...

...ർടെ?"

...രായണേട്ടന്റെ."

...തിന് നമ്മളെന്തിനാണ് അങ്ങോട്ട് പോണ..."

...വന്റെ സ്വരത്തിൽ അമ്പരപ്പ്.

...സ്.ഡി ഇരമ്പിക്കുതിച്ച് ഒരു കവലയിൽ നി... ലഹരിയുടെ മൂടുപടം മാറ്റി കണ്ണ് തെളി...ിരിക്കുന്നു. ചോദിച്ചപ്പോൾ ആരോ ചൂണ്ടി...ട്ടിയ വഴിയേ നടന്നു. ഓല കൊണ്ട് കുത്തി...ച്ചൊരു പുര. പൊടിച്ചു നിൽക്കുന്ന ശീമക്കൊ...കൾ സ്വയം അതിർത്തിയിട്ടിരിക്കുന്നു. പ... വകഞ്ഞു മാറ്റി അകത്തേക്ക് എത്തി നോ... മുറ്റത്ത് പൊടിമണ്ണിൽ രണ്ട് പെൺകുട്ടി...ൾ കളിച്ചിരുപ്പുണ്ട്. മൂത്ത കുട്ടിക്ക് ഏറിയാൽ ...റോ, ഏഴോ വയസ്സ് പ്രായം വരും.

"...രായണേട്ടന്റെ പിള്ളാരാണ്."

...ന്നിൽ ശശിയുടെ പതിഞ്ഞ സ്വരം.

...ട്ടിൽ മറ്റാരേയും കണ്ടില്ല.

...സ്മയം മുറ്റിയ കണ്ണുകളുമായി കളി നിർ...ിയിരിക്കുന്നു കുട്ടികൾ.

...ല്ലാത്തൊരു വീർപ്പുമുട്ടൽ. എന്തിനാണ് വ...ത്. ആരെങ്കിലും ചോദിച്ചാൽ എന്ത് പറയാ...ണ്.

...രിഞ്ഞ് നടക്കവെ കീശയിൽ കൈ ചെന്ന് ...ട്ടി. വലിച്ചെടുത്തു. ഒരു പിടി മിഠായികൾ. ഇ...പ്പോൾ വാങ്ങിച്ചു എന്നുറപ്പില്ല. എന്തായാ... മുമ്പേ പറഞ്ഞുറപ്പിച്ചതു പോലെ.

...ിളങ്ങുന്ന കണ്ണുകൾക്കു മുമ്പിൽ മിഠായി...ൾ വെച്ച് തിരിഞ്ഞ് നടക്കവെ പിന്നിൽ നി...ന്നൊരു വിളി കേട്ടു.

"...മാ....."

...ത്തവൾ കൈ നീട്ടി.

"...വേണ്ട."

"എന്തേ?"

"അറിയാത്തോര് തരണത് ഒന്നും മേടിക്ക...ാന്ന് പറഞ്ഞിണ്ട് അമ്മ."

അവൾ ഇളയവളെ കണ്ണു കൊണ്ട് കാണിക്കു...ന്നു.

...ത് തിരിച്ച് തരുമ്പോൾ ഇളയവളുടെ കണ്ണു...ൾ നിറയുന്നത് കണ്ടു.

...ിർബന്ധിക്കാനാവില്ലല്ലോ. എന്ത് പറഞ്ഞാ...ണ് പരിചയപ്പെടുത്തുക.

...ിരികെ നടക്കുമ്പോൾ മൂകത ഭേദിച്ച് ഗ്രാമ...

പുഞ്ചക്കുളത്തിനരികില് രണ്ടാള് നിൽക്കണം. സുനിലനും, ജോനാച്ചനും. എന്തെങ്കിലും പ്രശ്നോണ്ടെങ്കില് ഒറ്റ വിസിലില് സിഗ്നല് തരണം. പാടവരമ്പത്ത് വിളഞ്ഞ നെല്ലിന്റേടേല് ശശിയും, തമ്പിയുമുണ്ട്. പിന്നെ അവര് നോക്കിക്കോളും.കൊള്ളണം.

ത്തിന്റെ നിഷ്കളങ്കതയിലേക്ക് ഒരണ്ണാൻ കൂഞ്ഞ് ചിലച്ചു.

എസ്.ഡി.യിൽ കയറുമ്പോൾ ഇരുട്ട് വീണിരുന്നു. ശശിയുടെ മുഖം വ്യക്തമല്ല.

"ശശീ.... നിനക്ക് നിന്റമ്മയെ വിശ്വാസല്ലേ?"

ചെറിയൊരു മൗനം അപ്പുറത്ത്.

"അത്.. അച്ഛന്റെ ഒരു സംശയായിരുന്നു."

"അപ്പോ.." സുനിലൻ പകുതിയിൽ നിറുത്തി.

"കഴിഞ്ഞു പോയില്ലേ സുനിലേട്ടാ. " അവന്റെ സ്വരത്തിൽ കുറ്റബോധമോ.

മങ്ങിയ വെളിച്ചത്തിലൂടെ കുതിക്കുന്ന എസ്.ഡി. മുന്നിൽ വാളിൽ പിടിച്ച് ദയനീയമായി നോക്കുന്ന ഒരു മുഖം. പിന്നിൽ ഒരു ചെറിയ വിളി. നീണ്ടു വരുന്ന കൈകൾ. നിറയുന്ന ഒരു കുഞ്ഞിക്കണ്ണ്.

"മാമാ.. ഇത് വേണ്ട."

വണ്ടിയുടെ മുരൾച്ച കൂടുന്നു. പിന്നിൽ ശശിയുടെ പരിഭ്രാന്തമായ സ്വരം.

"പതുക്കെയോടിക്ക് ചേട്ടാ. ഇതെന്താ ഇങ്ങനെ".

പണി തീരാത്ത പാലത്തിലൂടെ എസ്.ഡി കണ്ണു കെട്ടിയ പോലെ പായുന്നു. എവിടേയോ വെച്ച് വഴി ഇല്ലാതാകുന്നു.

"ശശീ.. ചതിച്ചു."

വായുവിലേക്ക് തെറിച്ച് പൊങ്ങി ബലൂൺ





ോലെ. പിന്നെ ഭാരമില്ലാതെ താഴേക്ക് പതിക്കു

ു

ും ഇരുട്ടാണ്. കുറ്റാക്കൂരിരുട്ട്.

ത്ര നാള് ആശുപത്രിയിൽ കിടന്നു എന്ന് നി മില്ല. ബോധം വന്നപ്പോൾ അടുത്തു നിന്ന ി പറഞ്ഞു.

ശി പോയി."

ിച്ചു വരുമ്പോൾ ബലക്ഷയം വന്ന വലത്തെ ലും, വലത്തേകയ്യും ഓരോ തവണ നടക്കു ഴും ശരീരത്തോട് കലഹിച്ചുകൊണ്ടിരുന്നു. ാട്ടോറിക്ഷയിൽ നിന്ന് താങ്ങി ഇറയത്തെ ൽപ്പായയിൽ കൊണ്ടിരുത്തി ജോനാച്ചൻ കാ ൽ പറഞ്ഞു.

"ഇനീപ്പോ വല്ല ലോട്ടറികച്ചോടോം നോക്കാ ്. വേറൊന്നിനും പറ്റില്ല്യാലോ."

അമ്മയുടെ മുഖം കുറേക്കാലങ്ങൾക്ക് ശേഷം ണ്ടും കാണുന്നതു പോലെ.

നാട് ഒത്തിരി മാറ്റങ്ങളിലൂടെ കടന്നുപോകുക യിരുന്നു. ഗാമൺ കമ്പനിയുടെ മഞ്ഞ വെ ളം മുക്കിക്കൊന്ന ജലജീവികളുടെ പ്രേതങ്ങൾ കലും രാത്രിയും നടന്ന് നാടിളക്കി മറിച്ചു. ബ ഹുജനരോഷത്തിനു മുന്നിൽ പിടിച്ചു നിൽക്കാ ാവാതെ അതിന്റെ പുകക്കുഴലുകൾ പുക തു പ്പാതായി. ലോഹങ്ങൾ തിളച്ചുമറിഞ്ഞിരുന്ന ഉ ള്ളറകളിൽ ഉറഞ്ഞു പോയ ലോഹക്കൂട്ടുകളിൽ പാമ്പുകളും, നരിച്ചീറുകളും നിറഞ്ഞു. ഗ്രാമാ തിർത്തികളിൽ പുതിയ യന്ത്രങ്ങൾ മണ്ണിടിക്കു ന്നതിന് രാക്ഷസകൈകളുമായി കുന്നു കയറി വന്നു. ഗാമന്റെ മഞ്ഞവെള്ളമില്ലെങ്കിലും പുഴമീ നുകൾക്ക് പിന്നെ വളരാനായില്ല. മണലൂറ്റിയെ ടുത്ത ഗർത്തങ്ങളിലേക്ക് സ്വയം നിലവിളിച്ച് അ വ അപ്രത്യക്ഷമായിക്കൊണ്ടിരുന്നു.

സുനിലന് പുറംലോകവുമായി വലിയ ബന്ധ മില്ലായിരുന്നു. തമ്പി ശരിയാക്കിക്കൊടുത്തതാ ണ് റോൾഡ് ഗോൾഡിന്റെ പണി.

" വീട്ടിലിരുന്ന് ചെയ്യാം. വട്ടച്ചെലവിന്ള്ള കാശ് കിട്ടും. സാധനങ്ങള് അവര് എറക്കിത്തരും. പ ണി കഴിഞ്ഞാ അവര്ന്നെ കൊണ്ടോക്കോളും." അവൻ പറഞ്ഞു.

ശരിയാണ്. ഒറ്റത്തടിയായിട്ട് കഴിയണോർക്ക് വട്ടച്ചെലവ് മാത്രല്ലേ ഉള്ളൂ.

പണി തീർത്താൽ പിന്നെ ഒറ്റയിടത്തേക്കെ യാ ത്രയുള്ളൂ.

നാടിന്റെ ഉൾത്തുടിപ്പുകളെല്ലാമറിയുന്നിടം. ത ലമുറകളുടെ മൂക സാക്ഷി. സദുദ്ദേശ്യവും , ദു രുദ്ദേശ്യവുമായ എല്ലാ ചിന്തകളുടെയും ഉറവിടം. താന്തോന്നിപ്പാറ.

ഒരേക്കറോളം പാറയാണ്. ഇടയ്ക്ക് പൊടിപ്പും തൊങ്ങലും വെച്ച് നാനാവിധ പച്ചപ്പുകൾ. ചാ ഞ്ഞും ചരിഞ്ഞുമുള്ള മറവുകളിൽ പുലി പോ ലും പെറ്റുകിടന്ന ഗുഹകൾ. മനുഷ്യസ്പർശമേ റ്റ കാലം മുതൽ എന്തെല്ലാം കണ്ടു നിൽപ്പാണ് അതിന്റെ മറവുകൾ. എവിടെനിന്നൊക്കെയോ

**നാട് ഒത്തിരി മാറ്റങ്ങളിലൂടെ കടന്നുപോകുകയായിരുന്നു. ഗാമൺ കമ്പനിയുടെ മഞ്ഞ വെള്ളം മുക്കിക്കൊന്ന ജലജീവികളുടെ പ്രേതങ്ങൾ പകലും രാത്രിയും നടന്ന് നാടിളക്കി മറിച്ചു. ബഹുജനരോഷത്തിനു മുന്നിൽ പിടിച്ചു നിൽക്കാനാവാതെ അതിന്റെ പുകക്കുഴലുകൾ പുക തുപ്പാതായി. ലോഹങ്ങൾ തിളച്ചുമറിഞ്ഞിരുന്ന ഉള്ളറകളിൽ ഉറഞ്ഞു പോയ ലോഹക്കൂട്ടുകളിൽ പാമ്പുകളും, നരിച്ചീറുകളും നിറഞ്ഞു.**

ഒളിച്ചെത്തുന്ന രതികേളികൾ . സ്വയമൊടുങ്ങി അലഞ്ഞു തിരിയുന്ന ആത്മാവുകൾ. നക്സൈ ലൈറ്റുകാരുടെയും മുൻകാല കമ്യൂണിസ്റ്റുകളു ടെയും തത്വശാസ്ത്രങ്ങൾ. വാടകക്കൊലയാ ളികളുടെ ഗൂഢാലോചനകൾ.

അപ്പുറം റിസർവ് വനമാണ്. പച്ച ചേലയുടു ത്ത വനത്തിനു മുന്നിൽ പകുതി നഗ്നമായതു പോലെ തല കുനിച്ചു നിൽപ്പാണ് തേക്ക് തോ ട്ടം.

തേക്ക്തോട്ടം ബ്രിട്ടീഷുകാരുണ്ടാക്കിയതാണ്. സൂപ്പർവൈസറായി വന്ന ഡഗ്ളസ് സായിപ്പ് തോട്ടം പണിക്കാരിയായിരുന്ന തമിഴത്തി സ്യമ ന്തകത്തെ പ്രാപിക്കാറുള്ളത് താന്തോന്നിപ്പാറ യിൽ വെച്ചാണത്രേ.

കൺമുന്നിൽ തവിട്ടും, വെളുപ്പും ശരീരങ്ങൾ ഇട കലരുന്നത് കണ്ട് മാനത്തിന്റെ നുണക്കുഴി കളിൽ നക്ഷത്രങ്ങൾ പൂത്തിരിക്കും. ആ പര സ്യരതിയിൽ കണ്ണുടക്കി നിലാവ് അസ്തമി ക്കാൻ വൈകിയ ഒരു രാത്രിയിലാണ് സായിപ്പ് കൊല്ലപ്പെട്ടത്. താന്തോന്നിപ്പാറയിലെ ഗൂഢാ ലോചനകളുടെ ആദ്യ ഇര. സായിപ്പിനെ കൊ ന്നവരിൽ നിന്ന് രക്ഷപ്പെടാൻ ഓടിയ സ്യമന്ത കം തലയടിച്ചു വീണൊരു കല്ലുണ്ട്. സ്യമന്തക ക്കല്ല്. അതിന് കറുപ്പ് കൂടുതലാണ് എന്ന് സു നിലന് തോന്നിയിട്ടുണ്ട്. കട്ട പിടിച്ച ചോരയു ടെ കറുപ്പ്.

രാത്രികളിൽ സുനിലൻ ചില ഏങ്ങിക്കരച്ചിലു കൾ കേൾക്കാറുണ്ട്. ചിലപ്പോൾ നെടുവീർപ്പു കൾ. ഗ്രാമവാസികൾക്കെന്നും പേടിക്കാനൊ രിടമായിരുന്നു താന്തോന്നിപ്പാറ.

അങ്ങനെയൊരു രാത്രിയിലാണ് സുനിലൻ അ ത് കണ്ടത്. കിടന്ന് ഒന്ന് മയങ്ങിപ്പോയിരുന്നു. അടുത്തെവിടേയോ പാദപതനങ്ങൾ. സുനിലൻ എഴുന്നേറ്റു കാതോർത്തു. തൊട്ടപ്പുറത്താണ്. മൊബൈൽ ഫ്ളാഷിന്റെ വെളിച്ചത്തിൽ ഇളകു ന്ന നിഴലുകൾ. ഇവിടെയിങ്ങനെയൊരാളെ അ വർ പ്രതീക്ഷിച്ചു കാണില്ല.

കുറ്റിച്ചെടികളുടെ മറവിലിരുന്നു നോക്കി. കാ ഴ്ച ഇപ്പോൾ വ്യക്തമാകുന്നു. കൂട്ടത്തിൽ നേ താവെന്ന് തോന്നിച്ചവനെ ഒന്നു കൂടി നോക്കി.

കഞ്ചൻ സാബുവാണ്. ജോനാച്ചന്റെ എതി രാളി. പണ്ട് സാമീടെ കൂടെ ആയിരുന്നപ്പോൾ മുതൽ അവനെ സുനിലനറിയാം.

ഇവരെന്തിനുള്ള പുറപ്പാടാണ്. ഇനി ജോനാ ച്ചനെതിരെ വല്ലതുമാണോ.

ആദ്യമൊന്നും വ്യക്തമായില്ല. നടുവിൽ വെ ച്ചിരുന്ന ബ്രാണ്ടിയുടെ ചുവപ്പു നിറം ഒന്ന് വട്ടം ചുറ്റിയപ്പോൾ ഒച്ച അല്പം കൂടെ ഉയർന്നു.

കുന്നിടിക്കുന്നതിന് സ്റ്റേ ആണ്. മണലു വാരു ന്നതിനും സ്റ്റേ ഉണ്ട്. പണിയെടുക്കാതെ വണ്ടി ക്കെണ്ണം നോക്കി നടക്കുന്ന പിള്ളാർക്ക് ഇ പ്പോൾ പണിയില്ല. കാരണം ഒരേയൊരാളാണ്.

സുനിലന് അയാളെയറിയാം. പലപ്പോഴും അയാളുടെ ആശങ്കകൾ കേട്ടിട്ടുണ്ട്. തലയുയർത്തി നിന്ന കുന്നുകൾ നിരന്നു പോയതിനെപ്പറ്റി. സമൃദ്ധമായ പുഴകൾ വരണ്ടുപോയതിനെപ്പറ്റി.

നാട്ടിലെ പച്ചപ്പ് എന്ന സംഘത്തിന്റെ നേതാവ് ഗൗതമൻ.

പതിനേഴ് വർഷം മുമ്പ് കത്തിമുനയിലേക്ക് നടന്നടുത്തത് നാരായണേട്ടനെങ്കിൽ ഇന്നത് ഗൗതമനാണ്.

ജോനാച്ചനെക്കണ്ട് വിവരം പറഞ്ഞു.

"വർഷങ്ങൾക്കു ശേഷം കാണുകയാണ്."

"നിനക്കെന്ത്ണ് ഇതിലിത്ര താല്പര്യം. " ജോനാച്ചൻ ചോദിച്ചു.

സുനിലൻ മിണ്ടിയില്ല.

"കഞ്ചനുമായിട്ട് അല്ലേ തന്നെ ഒടക്കാണ്. ഇനീപ്പോ ഒരു കാര്യല്ലാണ്ട് ഇതിനെടേല് കേറ്യാ അലമ്പാവും. രണ്ടു തരം. ഇദിപ്പോ അവൻ മാറ്യാ വേറെ വല്ലോരും വരില്ല്യേ."

"പൊലീസിലറിയിച്ചാലോ?"

"നീയിപ്പോ ഒന്നും അറിയാത്തപോലെ വർത്താനം പറയല്ലേന്റെ സുനിലാ. നിനക്കറിയാത്തതാ പൊലീസ്. അവര് മാവോയിസ്റ്റ് ചാപ്പ കുത്തി വിട്ടതാണീ ഗൗതമനെ. ഒരു തൊല്ല ഒഴിഞ്ഞുപോട്ടേന്ന് വെയ്ക്കും അത്രന്നെ."

"നീ അവനോട് ഒന്ന് മാറി നിക്കാൻ പറ. ജീവൻ വേണോങ്കി."

പോരാൻ നേരം ജോനാച്ചൻ ചോദിച്ചു.

"നിനക്ക് കാശു വല്ലോം വേണോ?"

"വേണ്ട."

നടക്കുമ്പോൾ തിരിഞ്ഞു നോക്കി. വലിയ വീടാണ് ജോനാച്ചന്റെ . മൂന്നു നിലകളുണ്ട്.

"നിങ്ങള് ഒത്തിരി മാറീണ്ട് സുനിലേട്ടാ. അതെനിക്കറിയാം. നന്നായി ജീവിക്കണോര് പറയും ഇതൊരു തോന്നാബുദ്ധ്യാന്ന്. ഒരു തരത്തില് ശര്യാ. പാഞ്ഞു വരണ ട്രയിനിനു മുമ്പീ തല വയ്ക്കണ പോലെ. ഓർത്താ നമുക്ക് തോന്നും മണ്ടത്തരാന്ന്. അവനോന്റെ കാര്യം നോക്കി ജീവിച്ചാ പോരേന്ന്. പക്ഷേ ഒരു കാര്യംണ്ട്. ഇതു പോലെ കൊറേ മണ്ടൻമാരുള്ളോണ്ടാ ഈ നാട് നില നിൽക്കണെ."



കാലിനടിയിൽ മണൽത്തരികൾ ഞരങ്ങാൻ തുടങ്ങിയപ്പോൾ മനസ്സിലായി. പുഴയിലെത്തിയിട്ടുണ്ട്.

മുന്നിൽ മുടിയഴിച്ചാടുന്ന ആറ്റുവഞ്ചിയും ,കൈതകളും. ഇടയിയിലെവിടേയോ നേർത്ത നിലവിളിയായി ഒഴുകുന്ന പുഴ.

നിലാവത്ത് ഗൗതമൻ മുങ്ങി നിവരുന്നത് കാണാം. ക്ഷമയോടെ കാത്തിരുന്നു. കുളി കഴിഞ്ഞു വരട്ടെ.

ബലി കൊടുക്കുന്നതിന് മുമ്പ് കുളിപ്പിച്ചെടുക്കുന്ന ഒരു ബലിമൃഗത്തിന്റെ ഛായയുണ്ടോ, ഗൗതമന്. ഇലക്കൂടുകളിൽ ഒളിച്ചിരുന്ന കൂഞ്ഞാറ്റകൾ നേർത്ത കുറുകലായി വായുവിൽ ചിതറി.

ഇരുട്ടത്ത് മുന്നിൽ ചമ്രം പടിഞ്ഞിരിക്കുന്ന രൂപം കണ്ട് അവനൊന്ന് പകച്ചു.

"ആരാ?"

"ഞാനാ, സുനിലൻ".

"സുനിലേട്ടനോ, ഈ രാത്രീല്".

"തെരക്കില്ലേ ഇരിക്ക്, ന്നിക്കൊരു കാര്യം പറയാണ്ട്."

ഗൗതമൻ ഇരുന്നു.

സുനിലന് ആശയക്കുഴപ്പമായി. എങ്ങനെ തുടങ്ങണം.

പൊന്തകളിലിരുന്ന് കരഞ്ഞു തോറ്റ കുളക്കോഴികൾ പുഴയിൽ പരന്ന നിലാവ് കണ്ട് നിശബ്ദരായി.

"ചുറ്റു പൊറോം ചെല ആലോചനകളൊക്കെ നടക്ക്ണണ്ട്. ഗൗതമനിതു വല്ലോം അറ്യണുണ്ടൊ?"

"എവിടേക്ക് പോയി ഒളിക്കാനാണ്. ജനിച്ച നാടും ഇഷ്ടപ്പെട്ട മനുഷ്യരേം വിട്ട്."

ഗൗതമൻ എഴുന്നേറ്റു. കുളി കഴിഞ്ഞ് തണുപ്പു മാറാത്തൊരു കൈ തന്റെ കൈകളെ തൊട്ടത് സുനിലനറിഞ്ഞു.

"നിങ്ങള് ഒത്തിരി മാറീണ്ട് സുനിലേട്ടാ. അതെനിക്കറിയാം. നന്നായി ജീവിക്കണോര് പറയും ഇതൊരു തോന്നാബുദ്ധ്യാന്ന്. ഒരു തരത്തില് ശര്യാ. പാഞ്ഞു വരണ ട്രയിനിനു മുമ്പീ തല വയ്ക്കണ പോലെ. ഓർത്താ നമുക്ക് തോന്നും മണ്ടത്തരാന്ന്. അവനോന്റെ കാര്യം നോക്കി ജീവിച്ചാ പോരേന്ന്. പക്ഷേ ഒരു കാര്യംണ്ട്. ഇതു പോലെ കൊറേ മണ്ടൻമാരുള്ളോണ്ടാ ഈ നാ



ട് നിലനിൽക്കണെ.”

നിലാവത്ത് അവന്റെ കണ്ണുകൾ തിളങ്ങുന്നത് കണ്ടു.

“ന്നാലും കുറച്ച് കാലത്തേക്ക് നിനക്കൊന്ന് മാറി നിന്നൂടെ ഗൗതമാ.”

അല്പനേരത്തേക്ക് അവർക്കിടയിൽ മൗനം കനത്തു.

“കുറച്ച് കാലം മാറി നിന്നായിരുന്നെങ്കിൽ സഖാവ് നാരായണേട്ടൻ രക്ഷപ്പെടുമായിരുന്നോ സുനിലേട്ടാ.”

ഓർക്കാപ്പുറത്തൊരു പ്രഹരമേറ്റ പോലെ സുനിലൻ നടുങ്ങി. വിളറിപ്പോയ മുഖം ഒളിപ്പിക്കാൻ പാടു പെടുമ്പോൾ ഇരുട്ടാണെന്ന് മറന്ന് പോയി.

നാട്ടുപൂക്കൾ വിരിഞ്ഞ ഇടവഴിക്കൊപ്പം ഗൗതമൻ കടന്ന് പോയിരിക്കുന്നു. ഇരുട്ടിന്റെ കൈ പിടിച്ച് പുഴ ഒഴുകുകയാണ്. ഓളങ്ങൾ പരസ്പരം ഉമ്മ വെക്കുന്നതിന്റെ ഒച്ച മാത്രം.

പിന്നെയൊരു ദിവസം പോലും ജാഗ്രത കൈ വിട്ടില്ല. കഞ്ചന്റെയും കൂട്ടരുടെയും അടുത്ത നീക്കം എന്താണെന്നറിയണം.

ഒരാഴ്ച കഴിഞ്ഞിട്ടുണ്ട് ഇപ്പോൾ. പാറയിൽ മലർന്നു കിടന്ന് അവനോർത്തു. മനസ്സിലൂടെ എന്തെല്ലാമാണ് കയറിയിറങ്ങിപ്പോയത്. അങ്ങനെയങ്ങനെ ഒന്ന് മയങ്ങിപ്പോയി.

അപ്പോൾ അരളിപ്പൂക്കളുടെ മണമുള്ളൊരു രാക്കാറ്റ് അവനെ തൊട്ടു വിളിച്ചു.

“ദാ...അവിടെ.”

കാറ്റ് പറഞ്ഞു.

സുനിലൻ ജാഗരൂകനായി. സംഘം എത്തിയിട്ടുണ്ട്.

എല്ലാം തീരുമാനമായിരിക്കുന്നു. അടുത്ത ബുധനാഴ്ച വൈകീട്ട് ഗൗതമൻ കുളി കഴിഞ്ഞ് വരുന്ന വഴി. പിള്ളേരാണ് ചെയ്യുക. കഞ്ചൻ ആക്ഷനിൽ നേരിട്ട് പങ്കെടുക്കുന്നില്ല.

അവൻ മനസ്സിൽ കണക്കു കൂട്ടി. ഇനി രണ്ട് ദിവസം മാത്രം.

പുഴയോരത്ത് ഇടവഴിയിൽ ഇരുപുറത്തുമായി നാലു പേരുണ്ട്.

“ദാ വരണണ്ട്.” ആരോ അറിയിപ്പ് കൊടുത്തു.

ആക്ഷനു തയ്യാറായി ആദ്യം വന്നത് രണ്ട് പേരാണ്.

ഇടംകയ്യുയർത്തി സുനിലനൊന്ന് വീശി. വാളിന് പഴയ വെള്ളിനിറം.

ഗാന്ധിയന്റെ കയ്യിൽ വാളുകണ്ട് പിള്ളേര് പകച്ചിരിക്കണം.

മുന്നിൽ വന്നവൻ വീണിരിക്കുന്നു. രണ്ടാമതും വീശിയ വാൾ ലക്ഷ്യം കണ്ടില്ല. ഇടതു കൈക്ക് പിഴച്ചിരിക്കുന്നു.

“കൊല്ലടാ...പന്നീടെ മോനേ.” പിന്നിൽ നിന്നൊരാക്രോശം.

ശരീരത്തെ പൊള്ളിച്ച് കടന്നു പോകുന്ന ലോഹത്തിന്റെ മൂർച്ച. കാറ്റിൽ പെട്ട മരം പോലെ സുനിലനൊന്ന് ആടിയുലഞ്ഞു. ചോരയുടെ മണം കുതിച്ചെത്തുന്നു. അല്ല .അത് ചോരയാണോ? അതോ മറ്റു വല്ലതുമോ.

അടയുന്ന കണ്ണിനു മുമ്പിൽ കൈ നീട്ടുന്നതാരാണ്?

സഖാവ് നാരായണേട്ടൻ.

കരിമേഘം മുഖത്തിട്ടൊരു നിലാവ് തേങ്ങലായി നനഞ്ഞു ചിതറി.

കുത്തേറ്റ് വീണവനെയും കൊണ്ട് ജീപ്പിൽ പായവെ പിള്ളാര് കഞ്ചൻ സാബുവിനോട് ചോദിച്ചു.

“വലത്തേക്കാലിന് ഒരേന്തലുണ്ടായിരുന്നെങ്കിലും അഭ്യാസം പഠിച്ചവനാണ്. പോരാത്തതിന് കയ്യില് കത്തിയും. ഇതൊന്നും ചേട്ടൻ പറഞ്ഞില്ലല്ലോ. അതാ പ്രശ്നായത്.”

കഞ്ചന്റെ നെറ്റി പല മടക്കുകളായി ചുളിഞ്ഞു.

ദൂരെ പുഴയിൽ ഗൗതമൻ മുങ്ങി നിവർന്നു.

■